'ഭരണഭാഷ മാതൃഭാഷ'

റീ-അഫിലിയേഷൻ
വളരെ അത്യാവശ്യം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: സി3/23384/14

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ശാന്തിനഗർ,
കെ.എസ്.എച്ച്.ബി, തിരുവനന്തപുരം-1
തീയതി: 24.01.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്,- എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ച് 5 വർഷം കഴിഞ്ഞ ഗവ: ഐ.ടി.ഐ കളുടെ റീ-അഫിലിയേഷൻ- സംബന്ധിച്ച്.

സൂചന:- 1) 16/05/2014 ലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്.
2) ബഹു: കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയുടെ 16.01.2015 ലെ D.O. DGET-6/MISC/2014-TC നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

***************

എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ച് 5 വർഷം കഴിഞ്ഞ എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ കളും റീ-അഫിലിയേഷൻ നേടേണ്ടതാണെന്ന് 24.04.2014 ലെ DGE&T-6/Misc/2014-TC നമ്പർ കത്തു മുഖേന ഡി.ജി.ഇ.റ്റി. അറിയിച്ചിരുന്നതിനാൽ അഞ്ചു വർഷത്തിനുമുൻപ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ ഐ.ടി.ഐകളും റീ-അഫിലിയേഷനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു.

വ്യാവസായിക പരിശീലന വകുപ്പിലെ റീ-അഫിലിയേഷൻ ആവശ്യമായ 34 ഗവൺമെന്റ് ഐ.ടി.ഐ കൾ 2015 ജനുവരി 31-നകം ഡി.ജി.ഇ.റ്റി. അനുശാസിക്കുന്ന മാനദണ്ഡങ്ങൾ സജ്ജമാക്കി ക്യു.സി.ഐ യിൽ ഓൺലൈനായി അപേക്ഷ സമർപ്പിയ്ക്കുകയും 2015 ജൂൺ മാസത്തിനകം റീ- അഫിലിയേഷൻ നേടിയെടുക്കുകയും ചെയ്തില്ലെങ്കിൽ ടി സ്ഥാപനങ്ങളിൽ 2015 ആഗസ്റ്റ് സെഷനിൽ അഡ്മിഷൻ നൽകുന്ന ട്രെയിനികൾക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് നൽകുന്നതല്ല എന്ന് സൂചന (2) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികളും റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ റീ-അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു.

റീ-അഫിലിയേഷൻ ആവശ്യമായ എല്ലാ ഗവ:ഐ.ടി.ഐ കളുടെയും പ്രിൻസിപ്പാൾമാർ റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിന് ഇനിയും എന്തെല്ലാം ഭൗതിക സാഹചര്യങ്ങളും സാധന സാമഗ്രികളും മറ്റും സ്ഥാപനത്തിൽ സജ്ജീകരിയ്ക്കേണ്ടതായിട്ടുണ്ട് എന്നതിന്റെ വിശദമായ റിപ്പോർട്ട് അഡീഷണൽ ഡയറക്ടറുടെ പേരുവച്ച കവറിൽ 30.01.2015 നകം ലഭ്യമാക്കേണ്ടതാണ്. കൂടാതെ എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരും തങ്ങളുടെ അധികാര പരിധിക്കു കീഴിൽ വരുന്ന റീ-അഫിലിയേഷൻ നേടേണ്ട ഗവ: ഐ.ടി.ഐ കൾ സന്ദർശിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുവേണ്ടി സ്വീകരിയ്ക്കേണ്ട നടപടികൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സ്ഥാപനമേധാവികൾക്കു നൽകേണ്ടതും നടപടികളിലെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ബന്ധപ്പെട്ട എല്ലാ ഗവ:ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(34 ITIs list attached) (വകുപ്പ് വെബ്സൈറ്റ് മുഖേന).

പകർപ്പ് :- 1) ജെ.ഡി.റ്റി. 2) എ.ഡി.ഒ.
3) എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും.
4) എസ്.എസ് (ഐ) 5) എസ്.എസ്. (എ) 6) ജെ.എസ് (ഇ).

| INSTITUTES TO BE REAFFILIATED | |
|---|---|
| SL NO | NAME OF INSITUTE |
| 1 | ITI CHACKAI |
| 2 | ITI DHANUVACHAPURAM |
| 3 | ITI (W) KAZHAKKUTTOM |
| 4 | ITI ARYANAD |
| 5 | ITI ATTINGAL |
| 6 | ITI CHANADANATHOPPE |
| 7 | ITI (W) KOLLAM |
| 8 | ITI CHATHANNUR |
| 9 | BTC KOLLAM |
| 10 | ITI CHENNEERKKARA |
| 11 | ITI CHENGANNUR |
| 12 | ITI (W) CHENGANNUR |
| 13 | ITI ETTUMANOOR |
| 14 | ITI PALLICKATHODE |
| 15 | ITI KATTAPPANA |
| 16 | ITI KALAMASSERY |
| 17 | ITI (W) KALAMASSERY |
| 18 | ITI CHALAKUDY |
| 19 | ITI (W) CHALAKUDY |
| 20 | ITI MALA |
| 21 | ITI MALAMPUZHA |
| 22 | ITI (W) MALAMPUZHA |
| 23 | ITI ATTAPPADY |
| 24 | ITI KUZHALMANNAM |
| 25 | ITI AREACODE |
| 26 | ITI NILAMBUR |
| 27 | ITI KOZHIKODE |
| 28 | ITI (W) KOZHIKODE |
| 29 | ITI KOYILANDY |
| 30 | ITI KALPETTA |
| 31 | ITI KANNUR |
| 32 | ITI (W) KANNUR |
| 33 | ITI KASARGOD |
| 34 | ITI KAYYUR |